**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 441** **28-01-2026-ൽ മറുപടിയ്ക്ക്**

**കടബാധ്യതയും ധനക്കമ്മിയും**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. നജീബ് കാന്തപുരം ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** സംസ്ഥാനത്തിന്റെ നിലവിലെ ആകെ കടബാധ്യത എത്രയാണെന്ന് വിശദമാക്കാമോ;

**മറുപടി:** അക്കൗണ്ടന്റ് ജനറലിന്റെ താത്കാലിക കണക്കുകൾ പ്രകാരം 2025 ഡിസംബർ വരെയുള്ള സംസ്ഥാനത്തിന്റെ നിലവിലെ ആകെ കട ബാധ്യത 474257.97 കോടി രൂപയാണ്.

**(ബി)** ജി.എസ്.ഡി.പി. യുമായി താരതമ്യം ചെയ്യുമ്പോൾ കടത്തിന്റെ ശതമാനം നിലവിൽ മുൻ വർഷങ്ങളെ അപേക്ഷിച്ച് കൂടുകയാണോ കുറയുകയാണോ ചെയ്തതെന്ന് വിശദമാക്കാമോ;

**മറുപടി:** 2025-26 വർഷത്തെ അന്തിമ കണക്കുകൾ സി.എ.ജി പ്രസിദ്ധീകരിച്ചിട്ടില്ല. 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിലെ കടം/ജി.എസ്.ഡി.പി അനുപാതം ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | കടം-ജി.എസ്.ഡി.പി അനുപാതം |
|---|---|
| 2023-24 | 34.52% |
| 2024-25 | 34.87% |

**(സി)** നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സർക്കാർ നടപ്പിലാക്കിയ ആംനസ്റ്റി സ്കീം വഴി ഈ സർക്കാരിന്റെ കാലത്ത് സമാഹരിച്ച പണം സംബന്ധിച്ച വിശദാംശത്തിന്റെ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

**മറുപടി: രജിസ്ട്രേഷൻ വകുപ്പ്**

രജിസ്ട്രേഷൻ വകുപ്പിനെ സംബന്ധിച്ചിടത്തോളം നികുതിപിരിവ് സിംഹഭാഗവും വരുന്നത് ആധാരങ്ങളുടെ രജിസ്ട്രേഷനിലൂടെയാണ്. ആധാരം രജിസ്റ്റാക്കുമ്പോൾത്തന്നെ സ്റ്റാമ്പ് ഡ്യൂട്ടിയും, രജിസ്ട്രേഷൻ ഫീസും ഈടാക്കിവരുന്നുണ്ട്. നികുതി വെട്ടിക്കുന്നതിനായി വസ്തുവിന്റെ കൈമാറ്റവില കുറച്ച് വെച്ച് ആധാരം രജിസ്റ്റാക്കിയതായി സബ് രജിസ്ട്രാറിന് ബോദ്ധ്യപ്പെടുന്ന സാഹചര്യങ്ങളിൽ ടി ആധാരങ്ങളിൽ അണ്ടർവാല്യൂവേഷൻ കേസുകൾ രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിച്ചുവരുന്നു. വസ്തുവിന്റെ വില കുറച്ച് കാണിച്ച് രജിസ്റ്റർ ചെയ്ത അണ്ടർവാല്യൂവേഷൻ നടപടികൾക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള കേസുകളിൽ നിന്നും കുറവ് തുക ഈടാക്കുന്നതിനായി നികുതി (ജെ) വകുപ്പിന്റെ 19.11.2024 തീയതിയിലെ G.O (Ms) No. 75/2024/Taxes നമ്പർ സർക്കാർ ഉത്തരവും 10.04.2025 തീയതിയിലെ G.O (Ms) No. 38/2025/Taxes നമ്പർ സർക്കാർ ഉത്തരവും പ്രകാരം **സെറ്റിൽമെന്റ് പദ്ധതിയും,** 19.11.2024 തീയതിയിലെ G.O (P) No. 167/2024/Taxes നമ്പർ ഉത്തരവും 10.04.2025

തീയതിയിലെ G.O (P) No. 74/2025/Taxes നമ്പർ ഉത്തരവും പ്രകാരം **കോംപൗണ്ടിംഗ് പദ്ധതിയും** ഏർപ്പെടുത്തി കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ടി സെറ്റിൽമെന്റ്, കോംപൗണ്ടിംഗ് പദ്ധതികളിൽ നിന്നും 31.12.2025 തീയതി വരെ 34.69 കോടി രൂപ ലഭ്യമായിട്ടുണ്ട്.

**<u>ജി.എസ്.ടി വകുപ്പ്</u>**

ഈ സർക്കാരിന്റെ കാലത്ത് ആംനെസ്റ്റി സ്കീം മുഖേന പിരിച്ചെടുത്ത നികുതി കുടിശ്ശികയുടെ വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| **വർഷം** | **പിരിച്ചെടുത്ത തുക (കോടിയിൽ)** |
|---|---|
| 2021-22 | 137.52 |
| 2022-23 | 66.90 |
| 2024-25 | 110.31 |
| 2025-26 | 30.60 |

**സെക്ഷൻ ഓഫീസർ**